**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1189.　　12.03.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്.**

**<u>പാലക്കാട് ജില്ലയിലെ മിച്ചഭൂമി വിതരണം</u>**

| **ചോദ്യം**<br>**ശ്രീ. എം.ഹംസ** | **മറുപടി**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ എത്ര ഏക്കർ മിച്ചഭൂമി വിതരണം ചെയ്യുവാനുണ്ട്; വില്ലേജടിസ്ഥാനത്തിൽ ഭൂമിയുടെ സർവ്വെ നമ്പർ, ഭൂവിസ്തൃതി എന്നിവ സഹിതം വിശദാംശം ലഭ്യമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ വിതരണയോഗ്യമായി 49.39 ഏക്കർ മിച്ചഭൂമി നിലവിലുണ്ട്. വില്ലേജ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| താലൂക്ക് | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|---|
| ആലത്തൂർ | പുതുക്കോട് | 73 എ/7 | |
| | മംഗലംഡാം | 344/4pt, 344/15, 344/3pt, 326/1pt | 0.19 |
| മണ്ണാർക്കാട് | അഗളി | 1650 | 48.91 |
| | കള്ളമല | 956,960,961, 962,963,964 | |
| പട്ടാമ്പി | വല്ലപ്പുഴ | 186/5 | 0.29 |

| | | | |
|---|---|---|---|
| (ബി) | തീർപ്പകല്പിക്കുവാനുള്ള മിച്ചഭൂമി കേസുകൾ എത്രയെന്ന് താലൂക്കടിസ്ഥാനത്തിൽ വിശദാംശം നൽകാമോ; | (ബി) | തീർപ്പകൽപ്പിക്കാനുള്ള മിച്ചഭൂമി കേസുകൾ താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരമാണ്.<br><br>പാലക്കാട്-35, ചിറ്റൂർ-38, ആലത്തൂർ-42, ഒറ്റപ്പാലം-33, മണ്ണാർക്കാട്-70. |
| (സി) | ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്ന പരിപാടി പ്രകാരം ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകി; എത്ര ഭൂമി നൽകി; വിശദാംശം ലഭ്യമാക്കാമോ; ഇനി എത്ര കുടുംബങ്ങൾക്കാണ് ഭൂമി വിതരണം ചെയ്യുവാനുള്ളത്; എന്ന് ഭൂമി വിതരണം ചെയ്യുവാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | കേരള ഭൂപരിഷ്കരണ നിയമത്തിൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പ്രകാരം താലൂക്ക് ലാൻഡ് ബോർഡുകൾ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങൾ ബന്ധപ്പെട്ട തഹസിൽദാർ മുഖേന ഏറ്റെടുത്ത് സെക്ഷൻ 96, ആയതിന്റെ ഉപ വകുപ്പുകളും അനുബന്ധ ചട്ടങ്ങളും പ്രകാരം പ്രസ്തുത വഹകൾ കുടികിടപ്പുകാർക്കും, ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും മറ്റ് അർഹരായ ഗുണഭോക്താക്കൾക്കും പതിച്ചു നൽകുകയാണ് ചെയ്തുവരുന്നത്. അപ്രകാരം കേരള ഭൂപരിഷ്കരണ നിയമം നിലവിൽ വന്ന 01/01/1970 മുതൽ 2015 ഫെബ്രുവരിവരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ 27690 പേർക്ക് |

| | | | |
|---|---|---|---|
| | | | 5498.0606 ഹെക്ടർ ഭൂമി മിച്ചഭൂമിയായി പതിച്ചു നൽകിയിട്ടുണ്ട്. താലൂക്ക് ലാൻഡ് ബോർഡുകൾ മിച്ചഭൂമിയായി പ്രഖ്യാപിക്കുവാൻ സാധ്യതയുള്ള ഭൂമിയുടെ വിസ്തൃതി മുൻകൂട്ടി നിർണ്ണയിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ എത്രഭൂമി ഇനി വിതരണം ചെയ്യുവാൻ കഴിയുമെന്നവിവരം ലഭ്യമല്ലെന്നും അറിയിക്കുന്നു. ഭൂമിയുടെ ലഭ്യതയ്ക്ക് അനുസരിച്ചുമാത്രമെ ഭൂരഹിതരായ മുഴുവൻ ഗുണഭോക്താക്കൾക്കും എന്ന് ഭൂമി വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാൻ നിർവ്വാഹമുള്ളൂ.<br>23932 ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനായി ഏകദേശം 390 ഹെക്ടർ ഭൂമി ആവശ്യമുണ്ടെന്ന് കണക്കാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ